# ദൈവമാതാവിന്റെ ലുത്തിനിയ

പരിശുദ്ധ കന്യകാമാതാവിന്റെ ലുത്തിനിയായുടെ ആരംഭം ഇറ്റലിയിലുള്ള ലൊറേറ്റോയിലെ മാതാവിന്റെ ദൈവാലയത്തിൽ നിന്നാണ്. ഈ ലുത്തിനിയ ലൊറേറ്റോയിൽ 1531 മുതൽ ഉപയോഗിച്ച് വരുന്നു. 1587 ൽ സിക്സ്റ്റസ് അഞ്ചാമൻ പാപ്പാ ഈ ലുത്തിനിയ ഔദ്യോഗികമായി അംഗീകരിച്ചു. മറ്റ് എല്ലാ ലുത്തിനിയാകളുടെയും പരസ്യമായ ഉപയോഗം നിർത്തലാക്കുകയും ചെയ്തു. പാപ്പാ അംഗീകരിച്ച ഈ ലുത്തിനിയായുടെ ഔദ്യോഗിക പതിപ്പ് വിശ്വാസികളുടെ ഉപയോഗത്തിനായി സമർപ്പിക്കുന്നു. ഇതിൽ ജോൺ പോൾ രണ്ടാമൻ പാപ്പാ 1980 ൽ ചേർത്ത 'സഭയുടെ മാതാവേ' എന്ന അപദാനവും 1995 ൽ ചേർത്ത 'കുടുംബങ്ങളുടെ രാജ്ഞി' എന്നതും ചേർത്തിട്ടുണ്ട്. കൂടാതെ ഈയിടെ ഫ്രാൻസിസ് പാപ്പാ കൂട്ടിച്ചേർത്ത 'കരുണയുടെ മാതാവേ', 'പ്രത്യാശയുടെ മാതാവേ', 'കുടിയേറ്റക്കാരുടെ ആശ്വാസമേ' എന്ന മൂന്ന് അപദാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

കർത്താവേ, അനുഗ്രഹിക്കണമേ,

**കർത്താവേ, അനുഗ്രഹിക്കണമേ.**

മിശിഹായേ, അനുഗ്രഹിക്കണമേ,

**മിശിഹായേ, അനുഗ്രഹിക്കണമേ.**

കർത്താവേ, അനുഗ്രഹിക്കണമേ,

**കർത്താവേ, അനുഗ്രഹിക്കണമേ.**

മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ,

**മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.**

മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ,

**മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.**

സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ,

**ഞങ്ങളെ അനുഗ്രഹിക്കണമേ.**

ഭൂലോക രക്ഷകനായ പുത്രനായ ദൈവമേ,

പരിശുദ്ധാത്മാവായ ദൈവമേ,

ഏകദൈവമായ പരിശുദ്ധ ത്രിത്വമേ,

പരിശുദ്ധ മറിയമേ,

**ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.**

ദൈവത്തിന്റെ പരിശുദ്ധ ജനനീ,

കന്യകൾക്കു മകുടമായ നിർമല കന്യകേ,

മിശിഹായുടെ മാതാവേ,

തിരുസഭയുടെ മാതാവേ,

കരുണയുടെ മാതാവേ,

ദൈവവരപ്രസാദത്തിന്റെ മാതാവേ,

പ്രത്യാശയുടെ മാതാവേ

ഏറ്റം നിർമ്മലയായ മാതാവേ,
അത്യന്തവിരക്തയായ മാതാവേ,
കളങ്കമറ്റ കന്യകയായ മാതാവേ,
കന്യാത്വത്തിനു ഭംഗംവരാത്ത മാതാവേ,
സ്നേഹത്തിന് ഏറ്റം യോഗ്യയായ മാതാവേ,
അത്ഭുതത്തിന് വിഷയമായ മാതാവേ,
സദുപദേശത്തിന്റെ മാതാവേ,
സ്രഷ്ടാവിന്റെ മാതാവേ,
രക്ഷകന്റെ മാതാവേ,
ഏറ്റം വിവേകമതിയായ കന്യകേ,
വണക്കത്തിന് ഏറ്റം യോഗ്യയായ കന്യകേ,
സ്തുതിക്കു യോഗ്യയായ കന്യകേ,
മഹാ വല്ലഭയായ കന്യകേ,
കനിവുള്ള കന്യകേ,
ഏറ്റം വിശ്വസ്തയായ കന്യകേ,
നീതിയുടെ ദർപ്പണമേ,
ദിവ്യജ്ഞാനത്തിന്റെ സിംഹാസനമേ,
ഞങ്ങളുടെ സന്തോഷത്തിന്റെ കാരണമേ,
ആത്മജ്ഞാനപൂരിത പാത്രമേ,
ബഹുമാനത്തിന്റെ പാത്രമേ,
അത്ഭുതകരമായ ഭക്തിയുടെ പാത്രമേ,
ദിവ്യരഹസ്യം നിറഞ്ഞിരിക്കുന്ന റോസപുഷ്പമേ,
ദാവീദിന്റെ കോട്ടയേ,
നിർമ്മല ദന്തം കൊണ്ടുള്ള കോട്ടയേ,
സ്വർണാലയമേ,
വാഗ്ദാനത്തിന്റെ പേടകമേ,
സ്വർഗത്തിന്റെ വാതിലേ,
ഉഷ:കാല നക്ഷത്രമേ,
രോഗികളുടെ ആരോഗ്യമേ,
പാപികളുടെ സങ്കേതമേ,
കുടിയേറ്റക്കാരുടെ ആശ്വാസമേ,
പീഡിതരുടെ ആശ്വാസമേ,
ക്രിസ്ത്യാനികളുടെ സഹായമേ,
മാലാഖമാരുടെ രാജ്ഞി,
പൂർവ്വപിതാക്കന്മാരുടെ രാജ്ഞി,

ദീർഘദർശികളുടെ രാജ്ഞി,

ശ്ലീഹന്മാരുടെ  രാജ്ഞി,

വേദസാക്ഷികളുടെ രാജ്ഞി,

വന്ദകൻമാരുടെ രാജ്ഞി,

കന്യകളുടെ രാജ്ഞി,

സകല വിശുദ്ധരുടെയും രാജ്ഞി,

അമലോത്ഭവയായ രാജ്ഞി,

സ്വർഗ്ഗാരോപിതയായ  രാജ്ഞി,

പരിശുദ്ധ ജപമാലയുടെ രാജ്ഞി,

കുടുംബങ്ങളുടെ രാജ്ഞി,

കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞി,

സമാധാനത്തിന്റെ രാജ്ഞി,

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,

**കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ.**

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,

**കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,

**കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.**

**മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ**

*കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞി എന്ന അപദാനം ലൊറേറ്റോ ലുത്തിനിയായിൽ കാണുന്നില്ല. എങ്കിലും കേരളത്തിലെ സഭയിൽ ഉപയോഗിക്കുന്നതു കൊണ്ട് അതും ഈ ലുത്തിനിയായിൽ ചേർത്തിട്ടുണ്ട്.